No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

## എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം 2018

## എൻ.ആർ.ഐ ക്വാട്ടയിൽ ആവശ്യക്കാർ ഇല്ലാത്ത പക്ഷം മോപ്പ്-അപ്പ് കൗൺസലിംഗിൽ പുതുതായി രേഖകൾ സമർപ്പിക്കുന്നവരെ പരിഗണിക്കുന്നത് സംബന്ധിച്ച്

21.08.2018 ലെ സ.ഉ(സാധാ) നം. 2647/2018/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേയ്ക്ക് നിലവിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ നിന്നും ആവശ്യത്തിന് അപേക്ഷർ ലഭ്യമാകാതെ വരുന്ന പക്ഷം പുതുതായി എൻ.ആർ.ഐ ക്ലെയിം തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്. നേരത്തേ എൻ.ആർ.ഐ ക്വാട്ടയിലേയ്ക്ക് പ്രവേശനത്തിനായി രേഖകൾ സമർപ്പിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്കും, സമർപ്പിച്ച രേഖകളിൽ പോരായ്മകൾ ഉണ്ടായിരുന്നതിനാൽ എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്കും 2018 ആഗസ്റ്റ് 28-ന് നടത്തുന്ന മോപ്പ്-അപ്പ് കൗൺസലിംഗിൽ പുതുതായി എൻ.ആർ.ഐ രേഖകൾ സമർപ്പിച്ച് എൻ.ആർ.ഐ ക്വാട്ടയിലെ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം നേടുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്. നിലവിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിലുള്ളവരെ പരിഗണിച്ച ശേഷം മാത്രമായിരിക്കും പുതുതായി എൻ.ആർ.ഐ രേഖകൾ സമർപ്പിക്കുന്നവരെ പരിഗണിക്കുക. എൻ.ആർ.ഐ ക്വാട്ടാ പ്രവേശനം സംബന്ധിച്ച് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in, www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമായ 14.06.2018-ലെ ഓഫീസ് വിജ്ഞാപന പ്രകാരമുള്ള അസ്സൽ രേഖകൾ സമർപ്പിക്കുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123,2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
23.08.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**